14 FEB 2020

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പ്രിസം മുഖേന ഓൺലൈൻ ആയി പെൻഷൻ അപേക്ഷ സമർപ്പിക്കുമ്പോൾ അഡ്വാൻസ് ഇൻക്രിമെന്റ് കൂടി കണക്കാക്കി ശരാശരി വേതനം കണക്കാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (അച്ചടി) നം.14/2020/ധന.** **തിരുവനന്തപുരം, തീയതി, 07/02/2020.**

---

പരാമർശം:- 1) സ.ഉ (അച്ചടി) നം. 421/2014/ധന. തീയതി, 25.09.2014
2) സ.ഉ (അച്ചടി) നം. 35/2019/ധന. തീയതി, 25.03.2019
3) സ.ഉ (അച്ചടി) നം. 55/2019/ധന. തീയതി, 04.05.2019

A
14/2/2020

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പ്രിസം (Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും പ്രസ്തുത പ്രിസം സോഫ്റ്റ് വെയർ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിച്ച് കൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് സർക്കാർ പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ വിരമിക്കലിന് 12 മാസം മുൻപേ തന്നെ പെൻഷൻ അപേക്ഷ പ്രിസം മുഖേന സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (3) ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത ഉത്തരവിലെ ഭാഗം I (2) ൽ ഭാവിയിലുണ്ടായേക്കാവുന്ന ശമ്പള വർദ്ധനവിന് കാത്തുനിൽക്കാതെ പെൻഷനുള്ള അപേക്ഷ നല്കുന്ന സമയത്തെ സേവന വേതന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ തിട്ടപ്പെടുത്തി ഓഫീസ് മേലധികാരി, പെൻഷൻ പ്രൊപ്പോസൽ, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക്/അക്കൗണ്ടന്റ് ജനറലിന് നല്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

3) നിലവിൽ ജീവനക്കാർ വ്യത്യസ്ത രീതികളിലാണ് പെൻഷന് കണക്കാക്കാവുന്ന ശരാശരി വേതനം കണക്കാക്കുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും വിരമിക്കുന്ന

ജീവനക്കാർ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് കെ.എസ്.ആർ ഭാഗം III ചട്ടം 63 ന് വിധേയമായി സൂപ്പറാന്വേഷൻ തീയതി മുതൽ (അധ്യാപകരെ സംബന്ധിച്ചിടത്തോളം അവരുടെ യഥാർത്ഥ വിരമിക്കൽ തീയതിയ്ക്ക് ശേഷം ദീർഘിപ്പിച്ചു നല്കിയ കാലയളവ് കണക്കാക്കാതെ) 10 മാസം പുറകിലുള്ള ഡ്യൂട്ടി പേ ശരാശരി വേതനമായി കണക്കാക്കാവുന്നതാണെന്നും പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ആർജ്ജിച്ചിട്ടില്ലാത്തതും എന്നാൽ ഭാവിയിൽ ലഭിക്കാവുന്നതുമായ സാധാരണ വാർഷിക ഇൻക്രിമെന്റ് കൂടി അഡ്വാൻസ് ആയി എടുത്തു കൊണ്ട് ശരാശരി വേതനം കണക്കാക്കാവുന്നതാണെന്നും ഉത്തരവാകുന്നു. പെൻഷൻ അപേക്ഷ സമർപ്പിച്ചത് മുതൽ വിരമിക്കുന്നത് വരെയുള്ള കാലയളവിൽ ശമ്പളത്തിൽ മറ്റ് തരത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകുന്ന പക്ഷം ആയത് പരാമർശം (3) ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ഇവന്റ്/നോൺ ഇവന്റ് സർട്ടിഫിക്കറ്റ് പ്രകാരം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.രാജശ്രീ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും
6. ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (E-1424039)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ